DESPATCHED
On..22|2|2020
1/1/2020



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 784*(2)/2018*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 3583/എസ്.ഐ.സി–ജി 6/2018)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.നജി.സാബിർ,
വീരകുളത്ത് (ഹൗസ്), തുറക്കൽ പി.ഒ,
കൊണ്ടോട്ടി, മലപ്പുറം–673638
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(R&B)
O/o ചീഫ് എഞ്ചിനീയർ
പി.ഡബ്ല്യൂ.ഡി ഡിപ്പാർട്ട്മെന്റ്,
തിരുവനന്തപുരം
2. അപ്പീൽ അധികാരി
O/o ചീഫ് എഞ്ചിനീയർ(R&B)
പി.ഡബ്ല്യൂ.ഡി ഡിപ്പാർട്ട്മെന്റ്,
തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19.01.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.02.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 28.02.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 22.03.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 03.04.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 07.04.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31.08.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 27.12.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 24.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ

തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 19.01.2018–ാം തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് കേരളത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ ഓരോ റോഡ് സെക്ഷൻ ഓഫീസുകൾക്ക് കീഴിലും വരുന്ന റോഡുകളുടെ നീളവും പ്രസ്തുത സെക്ഷനുകളിൽ അനുവദിക്കപ്പെട്ട ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ മാരുടെയും എണ്ണത്തിന്റെയും വിവരങ്ങൾ ഹർജിക്കാരൻ ആവശ്യപ്പെട്ട മാതൃകയിൽ നൽകാനാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 19.02.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട പി.ഡബ്ല്യു.ഡി.സെക്ഷൻ ഓഫീസുകൾക്ക് കീഴിൽ വരുന്ന റോഡുകളുടെ നീളം സംബന്ധിച്ച വിവരം ടി ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നും, അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ നിന്നും പ്രത്യേകം വിവരാവകാശ അപേക്ഷ നൽകി ലഭ്യമാക്കാവുന്നതാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ വിലാസം നൽകുന്നുവെന്നുമാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 28.02.2018 തീയതി അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടിയിൽ നിന്നും പി.ഡബ്ല്യു.ഡി.സെക്ഷൻ ഓഫീസുകൾക്ക് കീഴിൽ വരുന്ന റോഡുകളുടെ നീളം സംബന്ധിച്ച വിവരം ടി ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്ന് മനസ്സിലാക്കുന്നുവെന്നും, ഡിവിഷൻ ഓഫീസുകളിൽ അന്വേഷിച്ചപ്പോൾ 03.11.2017 ന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ (നോർത്ത് സർക്കിൾ) ഓഫീസിൽ നിന്നും ലഭിച്ച " Performa for details of work load-creation of posts of AE & Overseers" എന്ന മെയിലിന് മറുപടിയായി ഓരോ റോഡ് സെക്ഷൻ ഓഫീസുകൾക്ക് കീഴിലും വരുന്ന റോഡുകളുടെ നീളം കൃത്യമായി ചീഫ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് അയച്ചിട്ടുണ്ടെന്നാണ് അറിഞ്ഞതെന്നും ആയതിനാൽ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്ന് അറിയിച്ചത് തൃപ്തികരമല്ലെന്നുമാണ്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 22.03.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, 23.09.2016 പ്രകാരമുള്ള ഡാറ്റായാണ് ടി ഓഫീസിൽ സോഫ്റ്റ് കോപ്പിയായി സൂക്ഷിച്ചിട്ടുള്ളതെന്നും അവയ്ക്ക് മാറ്റംവന്നിട്ടുണ്ടെന്നും, അപ്ഡേറ്റ് ചെയ്തു സൂക്ഷിച്ചിട്ടില്ലെന്നും ആയതിനാലാണ് 16 ഡിവിഷനിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയറന്മാരിൽ നിന്നും വിവരം ശേഖരിക്കാൻ അറിയിച്ചതെന്നും, ആധികാരികത ഇല്ലാത്ത 23.09.2016 പ്രകാരമുള്ള ഡാറ്റാ സോഫ്റ്റ് കോപ്പി സി.ഡിയായി നൽകുന്നു

വെന്നും 28.02.2018– ലെ അപ്പീലിൽ സൂചിപ്പിച്ചിരിക്കുന്ന പ്രൊഫോമ ടി ഓഫീസിൽ ലഭിച്ചിട്ടില്ലെന്നുമാണ്.

6. 27.12.2018 ൽ അപ്പീൽ അധികാരി നൽകിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പൊതുമരാമത്ത് വകുപ്പിനുകീഴിൽ ഓരോ റോഡ് സെക്ഷൻ ഓഫീസുകൾക്ക് കീഴിലും വരുന്ന റോഡുകളുടെ നീളവും പ്രസ്തുത സെക്ഷനുകളിൽ അനുവദിക്കപ്പെട്ട ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻമാരുടെയും എണ്ണത്തിന്റെയും വിവരങ്ങൾ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നു എന്നാൽ ടി വിവരം ടി ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നും, അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ നിന്നും പ്രത്യേകം വിവരാവകാശ അപേക്ഷ നൽകി ലഭ്യമാക്കാവുന്നതാണെന്നും അറിയിച്ചുവെന്നും, അപേക്ഷകൻ ഒന്നാം അപ്പീൽ നൽകിയപ്പോൾ സംസ്ഥാനമൊട്ടാകെയുള്ള റോഡുകളുടെ വിവരം (സെക്ഷൻ) തിരിച്ചല്ലാത്തത് നൽകിയെന്നും, അപ്പീൽ തീർപ്പാക്കിയ ശേഷം ടി കാര്യാലയത്തിന് കീഴിൽ വരുന്ന സെക്ഷൻ ഓഫീസുകളുടെ പരിധിയിലുള്ള റോഡുകളുടെ വിവരം സൂക്ഷിച്ചിരുന്നത് ഡിവിഷൻ അടിസ്ഥാനത്തിലുള്ളത് 27.12.2018 ന് നൽകിയെന്നും, " Performa for details of work load-creation of posts of AE & Overseers" എന്ന കാര്യം മലപ്പുറം മഞ്ചേരി ഡിവിഷൻ മാത്രമാണ് പ്രഫോർമയിൽ സമർപ്പിച്ചിട്ടുള്ളതെന്നുമാണ്. ഹൈവേ സംരക്ഷണ നിയമപ്രകാരം എക്സിക്യൂട്ടീവ് എഞ്ചീനീയർ ആണ് റോഡുകളുടെ അതോറിറ്റിയെന്നും ആയതിനാലാണ് ഡിവിഷൻ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിച്ചതെന്നുമാണ്.

7. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെയും ഹാജരായ എസ്.പി.ഐ.ഒ. യുടെ മൊഴിയുടെ അടിസ്ഥാനത്തിലും, ഹർജിക്കാരൻ ആവശ്യപ്പെട്ട ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ എല്ലാം എതിർകക്ഷി നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2020 ജനുവരി 1–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**